# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.908 11.03.2015-ൽ മറുപടിക്ക്**

## പനകുറ്റിമല പ്ലാന്റിൽ നിന്നുള്ള ശുദ്ധജല വിതരണം

| ചോദ്യം<br>ശ്രീ.കെ.രാജു | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ | പുനലൂർ നഗരസഭയിൽ ഉൾ പ്പെട്ട പനകുറ്റി മലയിൽ സ്ഥാപിച്ചിട്ടുള്ള പ്ലാന്റിൽ നിന്നും ശുദ്ധജലം കരവാളൂർ, അഞ്ചൽ, ഇടമുളക്കൽ ഗ്രാമപഞ്ചായത്തുകളിലെ വീടുകളിൽ എത്തിക്കുന്ന തിനുള്ള നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ; പുനലൂർ നഗരസഭാ മേഖലയിൽ ടി പ്ലാന്റിൽ നിന്നും ശുദ്ധജലം എത്തിക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കുമോ ; | എ | കരവാളൂർ, ഇടമുളയ്ക്കൽ ഗ്രാമപഞ്ചായ ത്തുകളിൽ വിതരണ ശൃംഖലയുടെ പണികൾ ഭാഗികമായി പൂർത്തിയാക്കി ഇപ്പോൾ ജലവിതരണം നടത്തുന്നു. അഞ്ചൽ പഞ്ചായത്തിൽ വിതരണ ശൃംഖലയുടെ പ്രവർത്തികൾ ജലവിതരണം സാധ്യമാകുന്ന രീതിയിൽ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.<br><br>പണികൾ ഏറ്റെടുത്ത കരാറുകാരൻ (M/s. ടെക് പ്രോ ഇൻഫ്രാ പ്രോജക്ട്സ് ലിമിറ്റഡ്, കൊച്ചി) പണികൾ സമയബന്ധിത മായി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഇപ്പോഴ ത്തെ കരാർ അവസാനിപ്പിച്ച് മേൽ നടപടികൾ സ്വീകരിക്കാൻ തീരുമാനി ച്ചിട്ടുണ്ട്. മീനാട് ശുദ്ധജല വിതരണ പദ്ധതിയിൽ പുനലൂർ നഗരസഭ ഉൾ പ്പെടുന്നില്ല. ആയതിനാൽ പനംകുറ്റി മലയിലെ പ്ലാന്റിൽ നിന്നും പുനലൂർ നഗരസഭയ്ക്ക് ശുദ്ധജലം എത്തിക്കാൻ പരിമിതികളുണ്ട്. |
| ബി. | മണിയാർ പ്രദേശത്ത് ഉള്ള സ്ലഡ്ജ് ലഗൂൺ പ്രവർത്തനക്ഷമമാക്കുന്ന തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ<br><br>വിശദമാക്കുമോ ? | ബി. | സ്ലഡ്ജ് ലഗൂൺ ഇപ്പോൾ പ്രവർത്തന ക്ഷമമാണ്. |

സെക്ഷൻ ഓഫീസർ